(ഇ) എങ്കിൽ വ്യാജ പട്ടയനിർമ്മാണത്തിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എത്ര ഏക്കർ ഭൂമിയാണ് കൈയേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളത്; ഇതിൽ എത്ര ഏക്കർ ഭൂമിയിൽനിന്നും കൈയേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ജി) റവന്യൂ ഭൂമി കൈയേറ്റത്തെക്കുറിച്ചും വ്യാജ പട്ടയനിർമ്മാണത്തെക്കുറിച്ചും പോലീസ് ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ടിൻമേൽ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഐ) അനധികൃത പട്ടയം സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) -- (സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) --- (ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) & (ഐ) വിവരം ശേഖരിച്ചുവരുന്നു.

നിയമവകുപ്പ് കക്ഷിയായുള്ള കേസുകൾ

59 [159] *ശ്രീ. കോവൂർ കുഞ്ഞുമോൻ* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പ് സെക്രട്ടറിയെ എതിർകക്ഷിയാക്കി ഒ. പി. 14913/97, ഒ. പി. 16441/98, ഒ. പി. 4567/99, ഡബ്ല്യു. പി. (സി) നം. 8405/2004, ഡബ്ല്യു. പി. നം. 17866/2004 എന്നീ കേസുകളും ഒ. പി. 14629/97, ഒ. പി. 14018/97, ഒ. പി. 6389/98 എന്നീ റെർജികളും ഫയൽ ചെയ്ത ഹർജിക്കാരുടെ പേരുവിവരവും ഓരോ കേസിലേയും പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(ബി) ഒ. പി. നം. 14913/97-ാം നമ്പർ കേസിലെ സി. എം. പി. നം. 26850/97, സി. എം. പി. 39090/97 എന്നിവയുടെ ഇടക്കാല ഉത്തരവ് ആരുടെ ലീഗൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ചതാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒ. പി. 14629/97, ഒ. പി. 14018/97, ഒ. പി. 6389/98 എന്നീ ഹർജികളുടെ അന്തിമതീരുമാനത്തിന് വിധേയമായി ജി. ഒ. (എം എസ്.) 170/98 തീയതി 14-5-1998 പ്രകാരം നിയമവകുപ്പിൽ ഇടക്കാല ഉത്തരവ് പാലിച്ച് നിയമനം നൽകിയ ലീഗൽ അസിസ്റ്റന്റുമാരുടെ പേരുവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നിയമവകുപ്പ് സെക്രട്ടറിയെ എതിർകക്ഷിയാക്കി ഫയൽ ചെയ്ത കേസുകളും ഹർജിക്കാരുടെ പേരുവിവരങ്ങളും താഴെ ചേർക്കുന്നു:

1. ഒ. പി. 14913/97 ശ്രീ. ബി. ബോസ് ഫയൽ ചെയ്തത്.
2. ഒ. പി. 16441/98 വിവരം ലഭ്യമല്ല.
3. ഒ. പി. 4567/99 ശ്രീ. ബി. ബോസ് ഫയൽ ചെയ്തത്.
4. ഡബ്ല്യു. പി. (സി) നം. 8405/2004 ശ്രീ. നസീർ ഹുസൈൻ ഫയൽ ചെയ്തത്.
5. ഡബ്ല്യു. പി. (സി) നം. 17866/2004 ശ്രീ. ബി. ബോസ് ഫയൽ ചെയ്തത്.
6. ഒ. പി. 14629/97 ശ്രീ. സഞ്ജീവൻ ഫയൽ ചെയ്തത്.
7. ഒ. പി. 14018/97 വിവരം ലഭ്യമല്ല.
   ഒ. പി. 6389/98 ശ്രീ. മുഹമ്മദ് ഹുസൈനും ആർ. പ്രേമചന്ദ്രൻനായരും ഫയൽ ചെയ്തത്.

(ബി) ഒ. പി. 14913/97 എന്ന കേസിലെ സി.എം.പി. നം. 26850/97, സി.എം.പി. നം. 39090/97 എന്നിവയുടെ ഇടക്കാല ഉത്തരവ് ശ്രീ. ബി. ബോസിന്റെ ലീഗൽ അസിസ്റ്റന്റ് നിയമനം സംബന്ധിച്ചുള്ളതാണ്.

(സി) ഒ. പി. 14629/97, ഒ. പി. 14913/97, ഒ. പി. 6389/98 എന്നീ ഹർജികളുടെ അന്തിമതീരുമാനത്തിന് വിധേയമായി ജി. ഒ. (എം എസ്.) 170/98 തീയതി 14-5-1998 പ്രകാരം നിയമവകുപ്പിൽ നിയമനം നൽകിയത് താഴെ പറയുന്നവർക്കാണ്:

1. ശ്രീ. ആർ. വിജയകുമാർ
2. ശ്രീ. എ. മുഹമ്മദ് ഹുസൈൻ
3. ശ്രീ. കെ. ദിലീപ് കുമാർ
4. ശ്രീ. എസ്. സോമശേഖരപിള്ള
5. ശ്രീ. ആർ. പ്രേമചന്ദ്രൻ നായർ.

ഹൈക്കോടതിയിലെ കേസുകളിൽ സ്വീകരിക്കേണ്ട നടപടികളിൽ ഉപദേശം നൽകുവാനുള്ള സംവിധാനം

60 [160] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിൽ നിലവിലുള്ള വിവിധ വകുപ്പുകളുടെ ധനകാര്യവും നിയമവും ഉൾപ്പെടെ കേസുകളിൽ സ്വീകരിക്കേണ്ട നടപടികളിൽ ഉപദേശം നൽകുവാനുള്ള സംവിധാനം നിയമവകുപ്പിനുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly